RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: 06.07.2021

## സർക്കുലർ നമ്പർ 28/2021

വിഷയം:- സഹകരണ വകുപ്പ് - കോവിഡ് 19 - പ്രതിരോധ പ്രവർത്തനങ്ങൾ - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:- (1) സഹകരണ സംഘം രജിസ്ട്രാറുടെ 17/2021, 19/2021 എന്നീ സർക്കുലർ നിർദ്ദേശങ്ങൾ

(2) സർക്കാരിന്റെ 22.06.2021 ലെ G.O.(Rt) No. 479/2021/DMD ഉത്തരവ്

സംസ്ഥാനത്ത് കോവിഡ് 19 രോഗ വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനായി പരാമർശം (1) പ്രകാരം സർക്കാർ സഹകരണ സംഘങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. നിലവിൽ കോവിഡ് 19 രോഗവ്യാപനം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പരാമർശം (2) പ്രകാരം സർക്കാർ ഇളവുകൾ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ (നീതി മെഡിക്കൽ സ്റ്റോർ/ആശുപത്രികൾ/ലാബുകൾ), അവശ്യ സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾ എന്നിവ ഒഴികെ എല്ലാ സ്ഥാപനങ്ങൾക്കും ഇനി ഒരു നിർദ്ദേശം ലഭിക്കുന്നതു വരെ ശനി, ഞായർ അവധി ആയിരിക്കും.
2. പരാമശം (2) സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ ഭരണകൂടവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും തീരുമാനിക്കുന്ന "A", "B" എന്നീ കാറ്റഗറിയിൽ വരുന്ന സ്ഥലങ്ങളിലെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ 50% ജീവനക്കാരേയും "C" യിൽ വരുന്ന സ്ഥലങ്ങളിൽ 25% ജീവനക്കാരെ വെച്ചും പ്രവർത്തിക്കാവുന്നതാണ്.

3. പണമിടപാടു നടത്തുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ പൊതുജനങ്ങളുമായിട്ടുള്ള ഇടപാടുകൾ തിങ്കൾ, ബുധൻ, വെള്ളി എന്നീ ദിവസങ്ങളിൽ നടത്തേണ്ടതും ചൊവ്വ, വ്യാഴം എന്നീ ദിവസങ്ങളിൽ ഇടപാടുകാരെ പ്രവേശിപ്പിക്കാതെ ടി സ്ഥാപനങ്ങളുടെ ആഫീസ് സംബന്ധമായ പ്രവർത്തനം നടത്തുന്നതിനായി പ്രവർത്തിക്കാവുന്നതുമാണ്. മേൽ നിർദ്ദേശത്തിന് വിരുദ്ധമായി ചൊവ്വ, വ്യാഴം എന്നീ ദിവസങ്ങളിൽ ഇടപാടുകൾ നടത്തുവാൻ പാടില്ലായെന്നത് കർശനമായി പാലിക്കേണ്ടതാണ്.

4. പരാമർശം (1) പ്രകാരമുള്ള കോവിഡ് 19 മായി ബന്ധപ്പെട്ട പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതാണ്.

5. ശനി, ഞായർ എന്നീ ദിവസങ്ങൾ നിലവിൽ പ്രവൃത്തിദിനമായി വരുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്കും ടി ദിവസങ്ങൾ അവധി ദിനങ്ങൾ ആയിരിക്കുകയും, ഇതനുസരിച്ചുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട ഭരണ സമതികൾ ടി സംഘങ്ങളിൽ വരുത്തേണ്ടതുമാണ്.

ഒപ്പ്
പി.ബി. നൂഹ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സെക്രട്ടറി, സഹകരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
5. മറ്റ് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
6. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
7. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് / ഫെഡറൽ / സെൻട്രൽ സ്ഥാപനങ്ങൾ
8. ചെയർമാൻ/വൈസ് ചെയർമാൻ, എല്ലാ സഹകരണ ബോർഡുകൾ
9. ലാ ആഫീസർ, സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
10. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
11. എഡിറ്റർ/സഹകരണ വീഥി,
12. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്.

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)